**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3676** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ ബാങ്കിന്റെ നിയന്ത്രണം ഏറ്റെടുക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ്** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ സാമ്പത്തിക നിയന്ത്രണം കേരള ബാങ്ക് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | ബാങ്കിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഗവൺമെന്റ് പഠനം ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | ഇതിനായി കേരള ബാങ്ക് പ്രതിനിധി, കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ പുതുതായി നിയോഗിച്ച അഡ്മിനിസ്ട്രേറ്റർ, സഹകരണ സംഘം ജില്ല ജോയിന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിൽ പഠനം നടത്തി പാക്കേജ് തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ബാങ്കിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഗവൺമെന്റ് പഠനം ആരംഭിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (സി) | നിക്ഷേപകർ കൂട്ടത്തോടെ പണം പിൻവലിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (സി) | നിക്ഷേപകരുടെ വിശ്വാസം തിരിച്ചു പിടിക്കാൻ ബാങ്കിന്റെ ഭരണം നിർവ്വഹിക്കുന്നതിന് 3 സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ബാങ്കിന്റെ ബ്രാഞ്ചുകൾ മുഖേന മുൻകൂട്ടി നൽകുന്ന ടോക്കൺ സംവിധാനത്തിലൂടെ നിശ്ചിത തുക (പതിനായിരം രൂപ) സംഘത്തിന്റെ പ്രവർത്തി സമയത്ത് നിക്ഷേപകർക്ക് തിരികെ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ